**Kerala State Information Technology Mission**
Department of Information Technology
Government of Kerala

ICT Campus, Vellayambalam Jn.,
Thiruvananthapuram , Kerala, India.
Tel: ++ 91-471-272 6881, 231 4307. , Tele fax.++91-471-231 4284
Email: response@keralaitmission.org

വാർത്താക്കുറിപ്പ്

## എൻറോൾമെൻ്റ് അവസാനഘട്ടത്തിലേക്ക്
## ഐ ടി മിഷന്റെ ആധാർ ക്യാമ്പുകൾക്ക് മികച്ച പ്രതികരണം

***തിരുവനന്തപുരം 11 മാർച്ച് 2013 :*** നടപ്പു സാമ്പത്തിക വർഷാവസാനത്തോടെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളേയും ആധാർ രജിസ്ട്രേഷനു കീഴിൽ കൊണ്ടുവരുന്നതിനുദ്ദേശിച്ച് കേരള സംസ്ഥാന ഐ ടി മിഷൻ സംഘടിപ്പിക്കുന്ന ആധാർ രജിസ്ട്രേഷൻ ക്യാമ്പുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അവസാന ഘട്ടത്തിലേക്ക് കടക്കുമ്പോൾ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്നത് മികച്ച പ്രതികരണം.

അക്ഷയ, കെൽട്രോൺ, ഐ ടി അറ്റ് സ്കൂൾ മുതലായവ വഴിയും പുറമേ ഐ ടി മിഷൻ നേരിട്ട് വിവിധ പൊതു കേന്ദ്രങ്ങളിലും സംഘടിപ്പിച്ചു വരുന്ന ആധാർ രജിസ്ട്രേഷൻ ക്യാമ്പുകളിലൂടെ പരമാവധി ജനങ്ങൾക്ക് ആധാർ ലഭ്യമാക്കുന്നതിനുള്ള കർമ്മ പദ്ധതി സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനമെമ്പാടും നടന്നു വരികയാണ്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഗവർമെന്റ് സെക്രട്ടേറിയറ്റിലും ആധാർ രജിസ്ട്രേഷൻ ക്യാമ്പ് നടന്നു വരുന്നു.

മാർച്ച് 9, 10 തീയതികളിൽ ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജ് ഫെസ്റ്റിവലിനോടനുബന്ധിച്ച് സൂര്യകാന്തി ഓഡിറ്റോറിയത്തിൽ നടന്ന ക്യാമ്പിൽ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നും പൊതുജനങ്ങൾ എൻറോൾ ചെയ്യാനെത്തിയിരുന്നു.

സർക്കാരിൽ നിന്നും ലഭിക്കേണ്ട വിവിധ ക്ഷേമപദ്ധതികളും മറ്റ് ആനുകുല്യങ്ങളും ഭാവിയിൽ ബാങ്കിലൂടെ പൂർണ്ണമായും ആധാർ അധിഷ്ഠിതമായി ലഭിക്കുന്നതിനാൽ ആധാർ നമ്പർ ലഭിക്കേണ്ടത് ഒഴിവാക്കാനാവാത്ത ഒരാവശ്യമായി മാറും.

**<u>ആധാർ കാർഡിന് അപേക്ഷിക്കുമ്പോൾ ആവശ്യമായ രേഖകൾ</u>**

ആധാർ കാർഡിന് അപേക്ഷിക്കുന്നവർ താഴെപ്പറയുന്ന ഏതെങ്കിലും രേഖകളുടെ പകർപ്പ് നൽകേണ്ടതാണ്.

1. **തിരിച്ചറിയൽ രേഖ** : വോട്ടർ ഐഡി കാർഡ്, പാൻകാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, ഫോട്ടോയോടുകൂടിയ എസ് എസ് എൽ സി ബുക്ക്, ബാങ്ക് പാസ് ബുക്ക് മുതലായവയിൽ ഏതെങ്കിലും.

2. **മേൽവിലാസം തെളിയിക്കുന്ന രേഖ** : മുകളിൽപ്പറഞ്ഞിരിക്കുന്ന രേഖകൾക്കു പുറമേ റേഷൻ കാർഡ്, 3 മാസത്തിനകമുള്ള ടെലഫോൺ, വൈദ്യുതി, വാട്ടർ ബില്ല് തുടങ്ങിയവയും പരിഗണിക്കും.

രജിസ്റ്റർ ചെയ്യാൻ താൽപര്യമുള്ളവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുടെ പകർപ്പുകൾ സഹിതം ക്യാമ്പുകളിൽ എത്തേണ്ടതാണ്. രജിസ്ട്രേഷൻ സൗജന്യം.

ഡയറക്ടർ